പതിമൂന്നാം കേരളനിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം : 2169 — 18.12.2012-ൽ മറുപടിയ്ക്ക്

അനർട്ടിലെ ഉദ്യോഗസ്ഥന്റെ സസ്പെൻഷൻ

**ചോദ്യം**

ശ്രീ. പി. സി. ജോർജ്

(എ) ഇൻഫർമേഷൻ കേരള മിഷൻ എന്ന സ്ഥാപനത്തിൽ നടന്ന അഴിമതിയുമായി ബന്ധപ്പെട്ട് വിജിലൻസ് അന്വേഷണത്തിൽ രണ്ടാം പ്രതിയായി കണ്ടെത്തിയ അനെർട്ടിലെ ഉദ്യോഗസ്ഥനായ കെ. പ്രേം കുമാറിനെ സസ്പെൻഡ് ചെയ്യണമെന്ന് ആഭ്യന്തര വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ആയതു പ്രകാരം സസ്പെൻഡ് ചെയ്യാൻ നടപടി സ്വീകരിച്ചുവോ; സസ്പെൻഡു ചെയ്തിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത അഴിമതി കേസിൽ സുതാര്യമായ അന്വേഷണംഉറപ്പുവരുത്തുന്നതിനാണ് ഒന്നും രണ്ടും പ്രതികളായ സാംസ്കാരിക വകുപ്പിന് കീഴിൽ ജോലി ചെയ്യുന്ന പി.വി.ഉണ്ണി കൃഷ്ണനേയും അനെർട്ടിൽ ജോലി ചെയ്യുന്ന കെ.പ്രേംകുമാറിനെയും സസ്പെൻഡ് ചെയ്യണമെന്ന് ആഭ്യന്തര വകുപ്പ് ഉത്തരവ് നൽകിയതെന്ന കാര്യം പരിശോധിച്ചുവോ ;

(ഡി) പ്രസ്തുത കേസ്സിൽ ഒന്നും രണ്ടും പ്രതികളായവരിൽ പി.വി. ഉണ്ണികൃഷ്ണനെ മാത്രം സസ്പെൻഡു ചെയ്യുകയും കെ. പ്രേംകുമാറിനെ സസ്പെൻഡ് ചെയ്യാതിരിക്കുകയും ചെയ്തതു വഴി ഉളവാകുന്ന വിവേചനംഗൗരവമായി കാണുമോ ;

(ഇ) രണ്ടാം പ്രതിയെന്ന് വിജിലൻസ് കണ്ടെത്തിയതും സസ്പെൻഡ് ചെയ്യാൻ ആഭ്യന്തര വകുപ്പ് ഉത്തരവിറക്കിയതും കണക്കിലെടുത്ത് കെ.പ്രേംകുമാറിനെ അടിയന്തിരമായി സർവ്വീസിൽ നിന്ന് സസ്പെൻഡ് ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

**ഉത്തരം**

ശ്രീ.ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും
വകുപ്പുമന്ത്രി)

(എ) (ബി) (സി) (ഡി) & (ഇ) അനെർട്ടിലെ സയന്റിസ്റ്റായ ശ്രീ.കെ.പ്രേംകുമാർ ഇൻഫർമേഷൻ കേരള മിഷനിൽ ഡെപ്യൂട്ടഷൻ വ്യവസ്ഥയിൽ സേവനം നടത്തിയിരുന്ന കാലത്ത് നടന്ന അഴിമതിയുമായി ബന്ധപ്പെട്ട് വിജിലൻസ് അന്വഷണ റിപ്പോർട്ട് സർക്കാരിനു ലഭിച്ചിട്ടുണ്ട്. കുറ്റാരോപിതനായ ഉദ്യോഗസ്ഥൻ ഡെപ്യൂട്ടേഷനിലായിരുന്ന കാലയളവിലെ ചെയ്തികളുമായി ബന്ധപ്പെട്ടതാണ് ടി റിപ്പോർട്ട്. ഇപ്പോൾ മേൽ ഉദ്യോഗസ്ഥൻ അനെർട്ടിൽ 31.3.2013 നകം നടപ്പിലാക്കേണ്ട 10,000 റൂഫ് ടോപ്പ് സോളാർ പവർപ്ലാന്റ് പദ്ധതിയുടെ പൂർണ്ണ ചുമതല വഹിക്കുകയാണ്. ടിയാന്റെ നിർണ്ണായകസമയത്തെ സസ്പെൻഷൻ പ്രസ്തുത പദ്ധതിയുടെ സമയബന്ധിത നടത്തിപ്പിനെ സാരമായി ബാധിക്കുന്നതിനാലും ടിയാൻ ഇപ്പോൾ അനെർട്ടിൽ സേവനം നടത്തുന്നതിനാൽ ബന്ധപ്പെട്ട തെളിവുകൾ നശിപ്പിക്കുവാനോ വിജിലൻസ് അന്വേഷണത്തെ തടസ്സപ്പെടുത്തുവാനോ ഉള്ള സാധ്യതയില്ലാത്തതിനാലും മേലുദ്യോഗസ്ഥനെ (ശ്രീ.പ്രേംകുമാറിനെ) ഇപ്പോൾ സസ്പെന്റ് ചെയ്യേണ്ടയെന്ന് തീരുമാനിച്ചിട്ടുണ്ട്.

സെക്ഷൻഓഫീസർ